# വാഗ്ദത്ത ഭൂമി

ഒ എൻ വി ക്ക്



വിഗ്രഹ ഭഞ്ജകൻമാരുമൊത്തീ വഴി
എത്രയോ നാളുകൾ പോയി

തച്ചുടയ്ക്കുന്നൊരീ തത്വശാസ്ത്രത്തിന്റെ
തത്വപ്രവാചകനായി

പുതിയൊരുഷസ്സിന്റെ രഥചക്രമുരുളേണ്ട
വഴികളൊരുക്കുവാനായി

ഉരുകുന്ന മദ്ധ്യാഹ്ന വെയിലിലീത്തെരുവിൽ നീ
സിരകളിലഗ്നിയുമായി.

മൊട്ടയടിച്ചൊരീ ക്കാടുകൾ, തോടുകൾ,
വറ്റി വരണ്ടൊരീ പ്പാഴ്നിലങ്ങൾ

പൊട്ടി വിടരാൻ മറന്ന പൂമൊട്ടുകൾ
ഞെട്ടറ്റു വീണൊരീ ത്താഴ്വരകൾ,

നീറിപ്പുകയുമീ ക്കുന്നുകൾ നോക്കിയീ
ശൂന്യതയിക്കൽ വന്നിന്നു നില്ക്കെ

വന്ധ്യമീ മണ്ണിന്റെ ദുഃഖവും പേറി നീ
എന്തിനോ ചോദിച്ചു വീണ്ടും:

എവിടെയാ സൗവർണ്ണ ഭൂമി? സഖാക്കളേ!
എവിടെയാ വാഗ്ദത്ത ഭൂമി? ■